**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **30-08-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കോട്ടക്കുന്നിന്റെ ചെരുവിലെ മണ്ണിടിച്ചിൽ തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കോട്ടക്കുന്നിന്റെ ചെരുവിലെ മണ്ണിടിച്ചിൽ ഭീഷണിയെ തുടർന്ന് ജനങ്ങളെ പു:നരധിവസിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | പ്രസ്തുത പ്രദേശത്തെ മണ്ണിടിച്ചിൽ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (ബി) | മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ മഴക്കാലത്ത് ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി കോട്ടക്കുന്നിന്റെ മുകളിൽ ശേഖരിക്കപ്പെടുന്ന ജലം സുരക്ഷിതമായി താഴേക്ക് എത്തിക്കുന്നതിനായി ഡ്രൈനേജ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ടി സമിതി സ്ഥലപരിശോധന നടത്തി പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **മണ്ണിടിച്ചിൽ തടയുന്നതിനായി കോട്ടക്കുന്നിൽ** ഡ്രൈനേജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി റവന്യൂ ഭൂമി സർവ്വേ നടത്തി അതിരുകൾ നിർണ്ണയിക്കുന്നതിനായി മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്കും, അടിക്കാടുകൾ വെട്ടി തെളിയിക്കുന്നതിനായി നടപടി സ്വീകരിക്കാൻ ഡി.റ്റി.പി.സി സെക്രട്ടറിക്കും മലപ്പുറം മുൻസിപ്പൽ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ ഭൂമിയുടെ സർവ്വേ എത്രയും വേഗം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ശക്തമായ മണ്ണിടിച്ചിലിന് ശാശ്വത പരിഹാരം കാണുന്നതിനും അനുയോജ്യമായ സ്ഥലവും വീടും കണ്ടെത്തി പ്രദേശവാസികളെ പു:നരധിവസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (സി) | കോട്ടക്കുന്നിൽ മഴക്കാലത്ത് ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിനായി ശരിയായ ഡ്രൈനേജ് സിസ്റ്റം സ്ഥാപിക്കുന്നതിലൂടെ സാധിക്കും. **പ്രദേശവാസികളെ പു:നരധിവസിപ്പിക്കുന്ന വിഷയം** വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ